ഉത്തരം

(എ) സംസ്ഥാനത്ത് റേഷനരി ചെലവാകാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യുന്ന അരിയുടെ ചെലവിൽ കുറവ് ഉണ്ടായിട്ടുണ്ട്.

1-6-1997 മുതൽ കേന്ദ്ര സർക്കാർ റ്റി.പി.ഡി.എസ്. നടപ്പാക്കിയതോടുകൂടി എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളെ തരംതിരിക്കുകയും എ.പി.എൽ. കാർഡുകൾക്കുള്ള ഭക്ഷ്യ സബ്സിഡി ഗണ്യമായി കുറയ്ക്കുകയും, എ.പി.എൽ. അരിയുടെ വില കിലോയ്ക്ക് 8.90 രൂപയായി നിജപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വിലക്കൂടുതൽ, കാർഡുടമകൾ ആഗ്രഹിക്കുന്ന ഗുണനിലവാരമുള്ള അരിയുടെ അഭാവം, എ.പി.എൽ. വിഭാഗത്തിന് അനുവദിച്ചിരുന്ന റേഷൻ പഞ്ചസാര 2001 ഫെബ്രുവരി മാസം മുതൽ നിർത്തലാക്കപ്പെട്ടത് എന്നിവ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കാർഡുടമകളെ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും അകറ്റുന്നതിനും റേഷൻ സാധനങ്ങൾ വാങ്ങുന്നതിനും കുറവ് വരുത്തുന്നതിനും കാരണമാക്കി.

(ബി) എ.പി.എൽ. അരി, ഗോതമ്പ് ഒഴികെ മറ്റ് റേഷൻ വിഹിതം മുഴുവനും എടുക്കാറുണ്ട്.

(സി) 2004 ജനുവരി മുതൽ 2004 ഡിസംബർ വരെ 1,292,937 മെട്രിക് ടൺ എ.പി.എൽ. അരിയും 309,076 മെട്രിക് ടൺ എ.പി.എൽ. ഗോതമ്പും ലാപ്സായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഭക്ഷ്യാൽപ്പന്ന വിപണന വർദ്ധനവ്

64 [382] ശ്രീ. ജോണി നെല്ലൂർ:

" ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യാൽപ്പാദന വിപണന രംഗത്ത് ഈ സാമ്പത്തിക വർഷം സംസ്ഥാനത്തുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഭക്ഷ്യാൽപ്പന്നങ്ങളാണ് ഈ വർഷം അധിക വിപണനം രേഖപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യോൽപ്പന്ന വിപണന രംഗത്ത് കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിറ്റുവരുവിൽ ഈ സാമ്പത്തിക വർഷം 2003-04 സാമ്പത്തിക വർഷത്തേക്കാൾ 58.85 കോടി രൂപയുടെ (17.4 ശതമാനം) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) പഞ്ചസാര, അരി, ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ, സൂപ്പർ മാർക്കറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പനയിലാണ് അധിക വിപണനം രേഖപ്പെടുത്തിയത്.

(സി) ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാകുന്നതാണ് കാരണം.

സുനാമി ദുരന്തം—സൗജന്യ റേഷൻ

65 [383] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് എത്രപേർക്ക് സൗജന്യ റേഷൻ അനുവദിച്ചു എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുവഴി സർക്കാരിന് എത്ര കോടി രൂപയുടെ ബാധ്യത ഉണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് എന്നത്തേക്ക് തുക നൽകാനാവും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

8-1-2005-ൽ അവസാനിച്ച ആഴ്ചയിൽ		294,573	കുടുംബങ്ങൾക്കും
15-1-2005-ൽ	,,	328,827	,,
22-1-2005-ൽ	,,	358,642	,,

23-1-2005 മുതൽ 26-1-2005 വരെ 135,370 കുടുംബങ്ങൾക്കും ആഴ്ച തോറും കാർഡ് ഒന്നിന് 5 കിലോഗ്രാം അരി വീതം സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 22-1-2005 വരെ മൂന്നാഴ്ച സൗജന്യ റേഷൻ നൽകിയതിന്റെ ചെലവ് 3,93,76,029.62 രൂപയാണ്.

(സി) 22-1-2005 വരെ സൗജന്യ റേഷൻ നൽകിയ വകയിൽ റേഷൻ വ്യാപാരികൾക്ക് 2,61,45,986.40 രൂപ നൽകിയിട്ടുണ്ട്. ബാക്കി തുക ഉടനെ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly